# Model Residential School
# Munnar

# ACADEMIC MASTER PLAN (2025-26)



പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 9/11/1997–ൽ മൂന്നാർ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിലവിൽ വന്നു. സമൂഹത്തിന്റെ അരികുകളിലേക്ക് അകറ്റി നിർത്തപ്പെട്ട പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് എത്തിച്ചേരുവാനുള്ള വഴിയൊരുക്കുന്നത് വിദ്യാഭ്യാസത്തിലൂടെയെന്ന തിരിച്ചറിവിലൂടെ, ഈ വിഭാഗത്തിൽപ്പെട്ട പ്രായേണ മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന വിദ്യാർഥികൾക്ക് പ്രവേശന പരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത്, ആശ്രമം സ്കൂൾ മാതൃകയിൽ അഞ്ച് മുതൽ പ്ലസ് ടു വരെ താമസസൗകര്യത്തോടെ പഠന സൗകര്യം ഒരുക്കുകയാണു മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ലക്ഷ്യം. ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങളോടൊപ്പം പട്ടിക വർഗ്ഗങ്ങളുടെ തനതായ സംസ്കാരവും ജീവിത ശൈലി പരിപോഷിക്കുവാനും ലക്ഷ്യമിടുന്നു.

ഇടുക്കി ജില്ലയിലേയും വയനാട്, പാലക്കാട്, എറണാകുളം ജില്ലകളിലേയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പട്ടിക ജാതി ഇതര സമുദായത്തിൽപ്പെട്ടവർക്കും പ്രവേശനം നല്കിവരുന്നു. ഇവരെല്ലാം മെച്ചപ്പെട്ട പഠനം പൂർത്തീകരിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലും തുടർന്ന് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളിലേക്കും എത്തിച്ചേർന്നിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പിന്റെ നയരേഖകൾക്കനുസരിച്ച് പാഠ്യപദ്ധതികൾ രൂപപ്പെടുത്തുകയും അതോടൊപ്പം മൂല്യബോധമാർന്ന വ്യക്തിത്വ രൂപീകരണത്തിനും കലാ കായിക രംഗത്തെ പൂർണ്ണ വളർച്ചക്കും വഴിയൊരുക്കുന്ന സംരംഭങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.

1997–ൽ അഞ്ചാം സ്റ്റാൻഡേർഡിൽ 24 വിദ്യാർത്ഥികളുമായി ടി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. ആദ്യ എസ്.എസ്.എൽ.സി. ബാച്ച് 2003 മാർച്ചിൽ പരീക്ഷ എഴുതി. 2008–09 ൽ എച്ച്.എസ്.എസ്. വിഭാഗം (25 കുട്ടികൾ) ആരംഭിച്ചു. ആദ്യ പ്ലസ് ടു ബാച്ച് 2009 മാർച്ചിൽ പരീക്ഷ എഴുതി. 2025–26 വർഷത്തിൽ യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിലായി 189 വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠനം നടത്തുന്നു.

മൂന്നാർ തമിഴ് മേഖലയിൽ മലയാളം മീഡിയത്തിലുള്ള ഏക റസിഡൻഷ്യൽ വിദ്യാലയമാണ് എം.ആർ.എസ്. കേരളത്തിലെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ് ഇടമലക്കുടി ഉന്നതികളിലെയും മറയൂർ, മാങ്കുളം മേഖലകളിലെ ഉന്നതികളിലെയും കുട്ടികൾ പ്രധാനമായും ഈ സ്കൂളിനെയാണ് പഠനത്തിനായി ആശ്രയിക്കുന്നത്. ഇപ്പോൾ ശ്രീമതി. സുഭദ്ര നായർ എസ്. പ്രധാന അധ്യാപികയായും ശ്രീമതി. പ്രസീന പി. കൈമൾ പ്രിൻസിപ്പലായും ജോലി നോക്കി വരുന്നു.

## അധ്യാപകരുടെ വിവരങ്ങൾ

### എച്ച്.എസ്. വിഭാഗം

| പേര് | വിഭാഗം |
|---|---|
| സുഭദ്ര നായർ എസ്. | പ്രധാന അധ്യാപിക |
| അനിൽകുമാർ ടി.എസ്. | സോഷ്യൽ സയൻസ് |
| ഡോ. ബാബു ടി.സി. | ഹിന്ദി |
| ഷിനീജ റഹിമാൻ എസ്.എസ്. | നാച്ചുറൽ സയൻസ് |
| ബിന്ദു പി.പി. | മലയാളം |
| അശ്വതി എ.ജെ. | മലയാളം |
| സോണിയ ചന്ദ്രൻ | സോഷ്യൽ സയൻസ് |
| ഡോ. രശ്മി എം.എൻ. | ഹിന്ദി |
| ശ്രീവിദ്യ മണി പി. | കണക്ക് |
| അഞ്ജു കൃഷ്ണ എ.കെ. | സംഗീതം |
| അഭിലാഷ് രാജൻ | പി.ഇ.ടി. |
| റോബിൻ റ്റി.ജെ. | കണക്ക് |
| രാജി സി. | ഫിസിക്കൽ സയൻസ് |
| ജ്യുവൽ | ഇംഗ്ലീഷ് |

### എച്ച്.എസ്.എസ്. വിഭാഗം

| പേര് | വിഭാഗം |
|---|---|
| പ്രസീന പി. കൈമൾ | ഇക്കണോമിക്സ് |
| രാജൻ എം. | കൊമേഴ്സ് |
| സിബി ജേക്കബ് | കമ്പ്യൂട്ടർ സയൻസ് |
| ബിന എസ്.കെ. | മലയാളം |
| സിബി വി. | കൊമേഴ്സ് |
| വിജയശ്രീ എൽ. | ഇംഗ്ലീഷ് |

ഈ സ്ഥാപനത്തിൽ നിന്നും പഠനം കഴിഞ്ഞ ഒരു കുട്ടി ബി.ടെക് കഴിഞ്ഞ് നല്ല കമ്പനിയിൽ ജോലി ചെയ്യുന്നു. പൊതു ധാരയിൽ വ്യക്തി മുദ്ര തെളിയിച്ചവർ കുറവാണ്. എങ്കിലും ഉയർന്ന വിദ്യാഭ്യാസം നേടിയ കുറേ കുട്ടികൾ ഉണ്ട്. ഇടമലക്കുടി, മറയൂർ, അട്ടപ്പാടി, മേഖലകളിലുള്ള ഗോത്ര വർഗ്ഗ വിഭാഗക്കാരെ അറിവിന്റെ പുതിയ മേഖലയിൽ എത്തിക്കാൻ ഈ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. ദേശീയ റിലേയിൽ ഒന്നാം സ്ഥാനം നേടി ശശി കെ.എസ്. വ്യക്തിമുദ്ര പതിപ്പിച്ചു.

വരും വർഷങ്ങളിൽ ഈ എം.ആർ.എസ്. മികവിന്റെ കേന്ദ്രമാക്കാൻ ഞങ്ങൾ ശ്രമിക്കും. മുകളിൽ രേഖപ്പെടുത്തിയ വിഭാഗത്തിലെ കുട്ടികളെ സാമൂഹിക/സാംസ്കാരിക/സാമ്പത്തിക മേഖലകളിലേക്ക് ഉയർത്തിക്കൊണ്ട് വരികയാണ് ലക്ഷ്യം. കുട്ടികളിൽ നിന്നു വരുന്ന അടിസ്ഥാന വിഭാഗം ജനങ്ങളെ അക്ഷരലോകത്തിലേക്ക് കൊണ്ട് വരിക, പുതിയ സാങ്കേതിക വിദ്യകൾ അഭ്യസിപ്പിക്കുക, അവർ കാണാതിരുന്ന പുതിയ മികവിന്റെ ലോകം തുറക്കുകയാണു ലക്ഷ്യം. എല്ലാ സാങ്കേതിക സൗകര്യങ്ങളും അടങ്ങിയ ഒരു സ്കൂൾ നിർമ്മിക്കണം. എല്ലാ ക്ലാസ്സ് മുറിയിലും സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങണം. ഇപ്പോൾ ഒരുക്ലാസ് സ്മാർട്ട് ക്ലാസ്സ് ആണ് ഉള്ളത്. പാർശ്വവല്ക്കരിക്കപ്പെട്ടിരിക്കുന്ന ഗോത്രവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പുതിയ മാനങ്ങൾ തുറന്നു കൊടുക്കും. ഈ മികച്ച സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അവർക്ക് എത്തി നോക്കാൻ കഴിയാതിരുന്ന പുതിയ ഭൂമിയും പുതിയ ആകാശവും തുറന്നു കൊടുക്കുകയാണു എം.ആർ.എസ്സിന്റെ ലക്ഷ്യം. വരും വർഷങ്ങളിൽ ഈ വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികൾ സാമൂഹിക /രാഷ്ട്രീയ /സാമ്പത്തിക /സാംസ്കാരിക മേഖലകളിൽ പ്രാവീണ്യം നേടും. ഇനിയും വിദ്യാലയങ്ങളിൽ പഠിക്കാൻ സാധ്യതയില്ലാതിരുന്ന ഈ വിഭാഗം കുട്ടികളെ അക്ഷര ലോകത്തിലേക്ക് ഉയർത്തി കൊണ്ട് വരാൻ സാധിക്കും.

ഗോത്ര വർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ അഭിരുചി അനുസരിച്ച് അക്കാദമികേതര വിദ്യാഭ്യാസം നല്കണമെന്ന് ഒരു ലക്ഷ്യം കൂടിയുണ്ട്. കായിക രംഗത്തും ഈ കുട്ടികൾക്ക് ഉയർന്ന് വരാൻ സാധിക്കും. അതിനു നല്ലൊരു കായിക പാർക്ക്, ഫുട്ട് ബോൾ, ബാസ കറ്റ് ബോൾ, ക്രിക്കറ്റ്, ടെന്നിസ്, എന്നിവയുള്ള വേദി ഒരുക്കും. ഇപ്പോൾ ഇവിടെയുള്ള ഗ്രൗണ്ട് അതിനു സജ്ജമാക്കും.

എസ്.റ്റി. ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ അത്യാധുനിക കായിക ഗ്രൗണ്ട് നിർമ്മിച്ച് കുട്ടികൾക്ക് ഉയർന്ന പരിശീലനം നല്കും. ഭാവിയിലെ കായിക പ്രതിഭകളെ സൃഷ്ടിക്കാൻ എം.ആർ.എസ്സിനു കഴിയും. കാരണം ആരോഗ്യദൃഢഗാത്രന്മാരായ കുട്ടികളെയാണു ഈ വിദ്യാലയത്തിനു ലഭിക്കുന്നത്. ഇത് മൂലം പ്ലസ് ടു കഴിഞ്ഞ് പഠനം നിർത്തി പോകുന്ന കുട്ടികളെ മുഖ്യ ധാരയിലേക്ക് കൊണ്ട് വരാൻ കഴിയും. ജില്ലാ-സംസ്ഥാന തലത്തിൽ ഇപ്പോഴുള്ള കുട്ടികൾ പ്രതിനിധാനം ചെയ്യുന്നു. ഇനി വരാൻ പോകുന്ന അത്യാധുനിക ഗ്രൗണ്ട് കുട്ടികളെ ദേശീയ-അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ കഴിയും.

സ്മാർട്ട് ക്ലാസ്സ് റൂം സൗകര്യം ഒരു അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയമാക്കിയും ആധുനിക രംഗത്തിലേക്ക് ഉയർന്ന് വരുന്ന കുട്ടികളെ സൃഷ്ടിക്കാനും കഴിയും. ലാപ് ടോപ്പുമായി വിദ്യാലയത്തിലേക്ക് വരുന്ന ഒരു പുതുതലമുറയെ ഞങ്ങൾ വാർത്തെടുക്കും, ഓഡിയോ-വിഷ്വൽ രീതിയിലേക്ക് പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്. പുതിയ മ്യൂസിക്

സിസ്റ്റവും ഒരുക്കിയിട്ടുണ്ട്.

## സ്കൂൾ പി.ടി.എ.

കുട്ടികളുടെ പഠന മേഖലയെ നിയന്ത്രിക്കുന്നതിൽ പി.ടി.എ. യുടെ പങ്ക് ഒരു അവിഭാജ്യ ഘടകമാണ്. പി.ടി.എ. പ്രസിഡന്റ് ശ്രീ. സുബ്ബരാജ് സ്കൂളിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും ആവശ്യങ്ങൾക്കും സഹകരണവും സഹായവും പ്രത്യേകം പ്രസ്താവ്യമാണു. പഠന/പാഠ്യേതര പ്രവർത്തങ്ങളിൽ പി.ടി.എ സഹകരിച്ചുവരുന്നു.

## സ്കൂൾ പഠനസമയം

5 മുതൽ 10 വരെ ക്ലാസ്സുകൾ സാദ്ധ്യായ ദിവസങ്ങളിൽ രാവിലെ 9.15–3.45 വരെയും +1, +2 ക്ലാസ്സുകൾ രാവിലെ 9.00–4.00വരെയും സാധാരണയായി പഠനം നടത്തുന്നു. എല്ലാ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ 9.15നു സ്കൂൾ അസംബ്ലി നടത്തിവരുന്നു.

## പാഠ്യേതര പഠനം

വിദ്യാഭ്യാസ ഭാഷയും ശാസ്ത്രവും ചരിത്രവും പഠിക്കുന്നതോടൊപ്പം വ്യക്തിത്വത്തിന്റെ സമഗ്രവികാസവും ലക്ഷ്യമിടുന്നുണ്ട്. ആയതിനു മൂല്യബോധവും ലക്ഷ്യബോധവും ഉൾക്കൊള്ളുന്ന വ്യക്തിത്വത്തെ രൂപപ്പെടുത്തുകയും ഒരുവനിലെ കലാ കായികപരമായ കഴിവുകളെ കണ്ടെത്തി തിരിച്ചറിഞ്ഞ് ശാസ്ത്രീയമായ പരിശീലനം നല്കി സമഗ്ര വികസനത്തിലേക്ക് എത്തിച്ചേർക്കുവാൻ സാധിക്കും. അധ്യയന വർഷാരംഭത്തിൽത്തന്നെ വിദ്യാർത്ഥികൾക്കും ഒപ്പം അധ്യാപക-അധ്യാപകേതര ജീവനക്കാർക്കും തങ്ങളുടെ കഴിവുകളെ ഉത്തേജിപ്പിച്ച് കാലാനുസൃതമായ നിറവിലേക്ക് ഉയരുവാൻ സാധിക്കുന്ന പരിശീലന കളരികൾക്ക് രൂപം നൽകും. നന്മ നിറഞ്ഞ മനസ്സോടെ ആരോഗ്യമാർന്ന ശരീരത്തോടെ വളർച്ചയിലേക്ക് കൈകോർക്കുവാൻ അവസരമൊരുക്കും. കലാകായിക ശാസ്ത്ര മേഖലകളിൽ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ തനതായ കലാരൂപങ്ങളുമടക്കം പത്തോളം ഇനങ്ങളിൽ ഓരോ വിദ്യാർത്ഥിയുടെയും അഭിരുചി കണ്ടെത്തി അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള കാലയളവിൽ വിദഗ്ധ ശിക്ഷണം നല്കുന്നതാണ്. ആയതിലൂടെ വിദ്യാർത്ഥിക്കും സ്കൂൾ പഠനം പൂർത്തികരിക്കുമ്പോൾ തന്റേതായ ഒരു മേഖലയിൽ ദേശീയ നിലവാരത്തിലേക്ക് എത്തിച്ചേരുവാൻ സാധ്യമാകുന്നതാണ്. കഴിഞ്ഞ അധ്യയന വർഷങ്ങളിൽ ശാസ്ത്ര മേള, പ്രവൃത്തി പരിചയമേള, സ്പോർട്സ് എന്നീ മേഖലകളിൽ മികവാർന്ന പ്രകടനം കാഴ്ചവയ്ക്കുകയും ജില്ലാതല മത്സരങ്ങളിൽ നിരവധി പേർ പങ്കെടുക്കുകയും ചെയ്തു.

നമ്മുടെ സ്കൂളിൽ 2014–15 ലാണു എസ്.പി.സി. യൂണറ്റ് തുടങ്ങിയത്. സീനിയർ, ജൂനിയർ വിഭാഗങ്ങൾ ഉൾപ്പെടെ 2025–26ൽ 44 കുട്ടികൾ കേഡറ്റിൽ പ്രവർത്തിക്കുന്നു. സേവനം, വ്യക്തിത്വ വികസനം, മൂല്യങ്ങൾ, ഭരണഘടനാ നിയമാവബോധം, ആത്മവിശ്വാസം, അച്ചടക്കം, എന്നിവ സഹായകമാകുന്നു. ബോധവല്ക്കരണ ക്ലാസ്സുകൾ, ഫീൽഡ് ട്രിപ്പുകൾ, കമ്മ്യൂണിട്ടി പ്രോജക്റ്റുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു.

## നാഷണൽ സർവീസ് സ്കീം

2013 ജൂണിലാണ് സ്കൂളിൽ എൻ.എസ്.എസ് യൂണിറ്റ് ആരംഭിച്ചത്. സാമൂഹ്യ

പ്രവർത്തനങ്ങളിലൂടെയുള്ള വ്യക്തിത്വ വികസനം എന്നതാണ് എൻ.എസ്.എസ്സിന്റെ ലക്ഷ്യം. എൻ.എസ്.എസ്സിൽ പ്രവർത്തിക്കുന്നതിലൂടെ സമൂഹത്തിലെ ശുചിത്വം, ആരോഗ്യ പരിപാലനം, പരിസ്ഥിതി സംരക്ഷണം, ജൈവകൃഷി, വിവര സാങ്കേതികവിദ്യ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കാനും പ്രാപ്തരാകുന്നു. അസാപ് ഈ സ്കൂളിൽ പ്രവർത്തിക്കുന്നു.

## സ്കൂൾ ക്ലബ്

കുട്ടികളുടെ പഠനം ഉൽസാഹഭരിതമാക്കുന്നതിനു വിവിധ അധ്യാപകരുടെ നേതൃത്വത്തിൽ സയൻസ് ക്ലബ്, മാത്തറ്റിക്സ് ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്, വിമുക്തി ക്ലബ്ബ്, വിദ്യാരംഗം, ഇക്കോ ക്ലബ്ബ്, അഡോളസെന്റ് ക്ലബ്ബ്, ജൈവവൈവിധ്യ ക്ലബ്ബ്, വിദ്യാരംഗം, ഗണിതനിലവാരം ഉയർത്താൻ മഞ്ചാടി, സയൻസ് വിഷയങ്ങളിൽ അഭിരുചി ഉണ്ടാക്കാൻ മഴവില്ല് എന്നീ പ്രോഗ്രാമുകളും ചെയ്തുവരുന്നു.

## സ്കൂൾ ലൈബ്രറി

നമ്മുടെ സ്കൂളിലെ കൂട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി വിപുലമായ പുസ്തക ശേഖരമുള്ള ഒരു ലൈബ്രറി ലൈബ്രേറിയന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി ദിനപത്ര വായനക്കുള്ള സജ്ജീകരണവും നല്കി വരുന്നു.

## സ്കൂൾ സയൻസ് ലാബ്

സ്കൂൾ പാഠ്യ പദ്ധതിയിൽ ശാസ്ത്രപഠനം ലളിതമാക്കുന്നതിനു സഹായിക്കുന്ന താണ് സയൻസ് ലാബുകൾ. നമ്മുടെ സ്കൂളിൽ ശാസ്ത്രപോഷിണിയുടെ സഹായത്താൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് സുസജ്ജമായ ലാബ് സൗകര്യം ഉണ്ട്.

## ട്രൈബൽ കുട്ടികൾ

ഇടമലക്കുടി, പറമ്പിക്കുളം, അട്ടപ്പാടി, വട്ടവട, മറയൂർ, വയനാട്, മാങ്കുളം എന്നീ സ്ഥലങ്ങളിൽ നിന്നുള്ള ആദിവാസി കൂട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു. 5 മുതൽ 10 വരെ 114 എസ്.ടി. കൂട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്.

# ഭൗതിക സൗകര്യ വികസനം

## 1.പഠന മുറികൾ

ആധുനിക ബോധന സമ്പ്രദായങ്ങൾക്കനുസൃതമായി പഠന മുറികൾ സ്മാർട്ട് റൂമുകളായി രൂപപ്പെടുത്തും. വിദ്യാഭ്യാസ, പട്ടിക വർഗ്ഗ, തദ്ദേശ വകുപ്പുകളുടെ ധന സഹായം ഇക്കാര്യത്തിനായി വിനിയോഗിക്കും.

## 2.വായനാമുറി

വായനയുടെ രൂപവും ഭാവവും മാറിവന്ന സാഹചര്യത്തിനനുസൃതമായി സാങ്കേതിക മികവാർന്നതും വിദ്യാർത്ഥികളിൽ വായനക്ക് അതീവ താല്പ്പര്യം

ഉണർത്തുന്നതുമായ വായനാമുറി രൂപപ്പെടുത്തും. ലോക ക്ലാസ്സിക് കൃതികൾ കാണുവാനും കേൾക്കുവാനും ഉൾക്കൊള്ളുവാനും സാധ്യമാകുന്ന ഇടം രൂപപ്പെടുത്തും.

## 3. വിവിധ ലാബുകൾ

ഭാഷാ ശേഷി കൂട്ടികളിൽ പരിപോഷിപ്പിക്കണമെങ്കിൽ ഭാഷാ ലാബ് ആവശ്യമാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷ ലാബുകൾ സജ്ജീകരിക്കണം. അന്താരാഷ്ട്ര ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം ഉൾക്കൊണ്ട് കുട്ടികൾ ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുന്നതിനു അവരെ പ്രാപ്തരാക്കാൻ സജ്ജമായ ഇംഗ്ലീഷ് ലാബ് ആവശ്യമാണ്.

## 4. കുടിവെള്ള പദ്ധതി

ഇപ്പോൾ സ്കൂളിൽ ഉപയോഗിക്കുന്ന കുടിവെള്ളം പ്രകൃതിദത്തമായി മലമുകളിൽ നിന്നും ഒഴുകി എത്തുന്ന ജലമാണ്. സ്കൂളിന്റെ മുകൾ ഓഗത്ത് ടാങ്ക് കെട്ടി മുകളിൽ നിന്നും ഒഴുകി വരുന്ന ജലം ശേഖരിച്ച് സ്കൂളിലെ ടാങ്കുകളിൽ നിറച്ച് പൈപ്പ് വഴി ഉപയോഗപ്പെടുത്തുകയാണ്. എന്നാൽ മാർച്ച് –ഏപ്രിൽ മാസങ്ങളിൽ ഒഴുക്ക് നിലച്ച് ജലദൗർലഭ്യം നേരിടുന്നുണ്ട്. അതുകൊണ്ട് ഭാവിയിൽ സ്ഥിരമായ പ്രകൃതി ദത്ത ജല സ്രോതസ്സ് കണ്ടെത്തി ഉപയോഗപ്പെടുത്തിയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. ഇതിനായി കുഴൽകിണറുകൽ  കുഴിച്ചു. തുടർന്നുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## 5. കളി സ്ഥലം

സ്കൂളിനു മനോഹരവും വിശാലവുമായ കളിസ്ഥലം ലഭ്യമാണ്. ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെ സ്കൂളിലെ ഗ്രൗണ്ടിൽ വെള്ളം കെട്ടിക്കിടക്കുന്നത് മൂലം പ്രാക്ടീസ് നടത്താൻ കഴിയാത്ത സ്ഥിതിയാണ്. ഇപ്പോൾ ഫുട്ബോൾ ഗ്രൗണ്ടായി ഉപയോഗിക്കുന്ന സ്ഥലം ഒരു മിനി സ്റ്റേഡിയം ആക്കിമാറ്റാൻ സാധ്യമാണ്. സ്റ്റേഡിയത്തിൽ മനോഹരമായ ഒരു സിന്തടിക് ട്രാക്ക് നിർമ്മിച്ച് പുല്ല് പിടിപ്പിച്ച് മോടി പിടിപ്പിക്കാൻ കഴിയും. സ്ഥിരമായ ഒരു ബാസ്കറ്റ് ബോൾ കോർട്ട് നിർമ്മിക്കണം. അതിനു അനുയോജ്യമായ സ്ഥലം ലഭ്യമാണ്.  കുട്ടികൾക്ക് കളി ഉപകരണങ്ങൾ ആവശ്യത്തിനില്ല. ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, ഹോക്കി, ബാഡ്മിന്റൺ, ഹാന്റ് ബോൾ എന്നീ കളികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വേണം. അത്‌ലറ്റിക്സിന് ആവശ്യമായ ജമ്പിങ്ങ് സ്റ്റാന്റ്, സ്റ്റാർട്ടിങ്ങ് ബ്ലോക്ക്, പോൾ വാട്ട്, ട്രാക്ക് സ്യൂട്ട്, ഷൂസ് ഇവ ഒന്നും തന്നെ സ്കൂളിൽ ഇല്ല. സ്പോർട്ട്സിനും ഗയിംസിനും ആവശ്യമായ സൗകര്യങ്ങളും ഉപകരണങ്ങളും ഉണ്ടായാൽ സ്കൂളിൽ നിന്നും നല്ലൊരു കായിക തലമുറയെ വാർത്തെടുക്കാൻ കഴിയും. കായിക വളർച്ചക്ക് ആവശ്യമായ ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിനു ഭാരിച്ച തുക കണ്ടെത്തേണ്ടതുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വകാര്യ ഏജൻസികളുടേയും പങ്കാളിത്തത്തിലൂടെയും സ്പോൺസർഷിപ്പിലൂടെയും ഈ പദ്ധതികൾ ഘട്ടം ഘട്ടമായി 3 വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## 6.തൊഴിൽ പരിശീലനം

സ്കൂളിൽ പഠിക്കുന്ന ഭൂരിപക്ഷം കുട്ടികളും ട്രൈബൽ വിഭാഗത്തിൽ പെടുന്നവരാണു. പ്ലസ് ടു പഠനം കഴിയുന്നതോടെ മിക്ക കുട്ടികളും പഠിത്തം നിർത്തുന്ന അവസ്ഥയാണ്. വളരെ ചെറിയ ശതമാനം കുട്ടികൾ മാത്രമാണു തുടർ പഠനം നടത്തുന്നത്. പന്ത്രണ്ടാം ക്ലാസ്സ് കഴിയുന്ന ഒരു കുട്ടി തൊഴിൽ നൈപുണി നേടിയിരിക്കണം. ഇത് കുട്ടിയെ ഭാവിയിൽ തൊഴിൽ ചെയ്ത് സാമ്പത്തിക ഭദ്രത ഉറപ്പാക്കി ജീവിതം നയിക്കാൻ പ്രാപ്തനാക്കും.

കുട്ടികളുടെ അഭിരുചിക്കനുസരിച്ച് സ്ഥിരമായ തൊഴിൽ പരിശീലനം നല്കുന്നതിനു വിദഗ്ധരായ അധ്യാപകരെ നിയമിക്കുന്നതോടൊപ്പം ആവശ്യമായ ഭൗതിക സാഹചര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കണം.

## 7.ജൈവകൃഷി

സ്കൂൾ മെസ്സിലേക്ക് ആവശ്യമായ പച്ചക്കറികൾ ഒരു പരിധി വരെ സ്കൂളിൽ തന്നെ ഉല്പാദിപ്പിക്കാൻ സാധ്യമാണ്. പക്ഷേ അതിന് പ്രധാന തടസ്സം ചുറ്റുമതിൽ ഇല്ലാത്ത താണ്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ കന്നുകാലികൾ കയറി ഇപ്പോൾ ചെയ്തിരുന്ന കൃഷികൾ നശിപ്പിച്ചു. കൃഷിക്ക് പര്യാപ്തമായ സ്ഥലം ധാരാളമുണ്ട്. ഉഴുതു മറിച്ച് നിരപ്പാക്കിയെടുത്താൽ കൃഷിക്ക് പറ്റിയ മണ്ണാണ്. കുറഞ്ഞത് ഒരേക്കർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതിലൂടെ വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കാൻ കഴിയും. സ്കൂൾ ആവശ്യത്തിന്റെ നല്ലൊരു ശതമാനം പച്ചക്കറി ഇത്തരത്തിൽ ഉല്പ്പാദിപ്പിക്കാൻ കഴിയുന്നതാണ്. കൃഷി വകുപ്പിന്റെയും സർക്കാർ ഇതര ഏജൻസികളിലൂടെയും സഹകരണത്തോടെ നടപ്പാക്കാൻ കഴിയും.

## 8. ഔഷധ തോട്ടവും ഉദ്യാനവും

സ്കൂളിനു തനതായ ഒരു ഔഷധ തോട്ടം നിർമ്മിച്ചിട്ടുണ്ട്. ചുറ്റുമതിൽ ഇല്ലാത്തതി നാൽ വേണ്ട രീതിയിൽ അത് പരിപാലിക്കാൻ സാധിക്കുന്നില്ല. ഒരു കൃത്രിമ ജലശയവും പുൽ തകിടിയും ഉദ്യാനത്തിന്റെ മോടി കൂട്ടും.

## 9.സ്കൂൾ ഗേജ് ബോർഡും

പ്രവേശന കവാടത്തോടു കൂടിയ മനോഹരമായ ഒരു ഗെയ്റ്റ് സ്കൂളിനു ആവശ്യമാണ്. ഒപ്പം സ്കൂൾ ബോർഡും വേണം. പ്രവേശന കവാടം മുതൽ സ്കൂൾ വരെ സൗന്ദര്യവല്ക്കരണത്തിന്റെ ഭാഗമായി ചെറിയ വെച്ച് മരങ്ങൾ പിടിപ്പിക്കാവുന്നതാണ്.

## 10. പ്ലാസ്റ്റിക് വിമുക്ത – മാലിന്യ വിമുക്ത ലഹരി വിമുക്ത വിദ്യാലയം

സ്കൂളും പരിസരവും മാലിന്യ വിമുക്തമാക്കണം. റസിഡൻഷ്യൽ സ്കൂൾ ആയത് കൊണ്ട് സ്കൂൾ ഇപ്പോൾ തന്നെ പ്ലാസ്റ്റിക് മുക്തമാണൂ. സ്കൂളിനു സ്വന്തമായി ഒരു ജൈവ മാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മിക്കേണ്ടത് ആവശ്യമാണ്. ജൈവ അവശിഷ്ഠങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ബയോഗ്യാസ് പ്ലാന്റും നിർമ്മിക്കാവുന്നതാണ്. ഇത് കാര്യമായി നടപ്പിലാക്കിയാൽ ബയോഗ്യാസ് ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നതിനും അത് വഴി എൽ.പി.ജി. ഉപയോഗം കുറച്ച് ലാഭകരമാക്കാനും കഴിയും.

## 11. കലാ – സാംസ്ക്കാരിക കേന്ദ്രം

കുട്ടികളിലെ സർഗ്ഗ വാസനകൾ പരിപോഷിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ മിനി തീയേറ്റർ ഉൾപ്പെടെയുള്ള ഒരു സാംസ്കാരിക പാർക്ക് സ്ഥാപിക്കണം. കേരളീയ കലകളും ഇതര സംസ്ഥാനങ്ങളിലെ കലകളും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും കാണുന്നതിനും അവസരം ഒരുക്കണം. അത് വഴി കുട്ടികൾക്ക് തനതായ കലകൾ വളർത്തിക്കൊണ്ട് വരുന്നതിനും അവതരിപ്പിക്കുന്നതിനും ഒരു വേദിയാകും. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും അവരുടെ കഴിവുകൾ വളർത്തുന്നതിനും അവയുടെ പ്രദർശനത്തിനു കൂടിയുള്ള കേന്ദ്രമായിരിക്കണം ഇത്. ആദിവാസി പരമ്പരഗത നൃത്തവും സംഗീതവും ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുവാൻ സാധ്യമാകുന്ന സംവിധാനങ്ങൾ രൂപപ്പെടുത്തണം.

മൂന്നാർ പ്രകൃതി മനോഹരമയ അനുഗ്രഹീത ഭൂമിയാണ്. ആയതിനാൽ മൂന്നാർ മോഡൽ റസിഡൻഷ്യൽ സ്കൂൾ ക്യാമ്പസും ഹരിതാഭമാക്കേണ്ടതുണ്ട്. വിദഗ്ദനായ ഒരു ലാൻഡ്സ്കേപ് ഡിസൈനറും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയും ബന്ധപ്പെടുത്തി വിദഗ്ദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പൂച്ചെടികൾ, ഫലവൃക്ഷങ്ങൾ, തണൽ മരങ്ങൾ എന്നിവയുടെ അപൂർവ ശേഖരമായി എം.ആർ.എസ്, ക്യാമ്പസ് രൂപപ്പെടുത്താവുന്നതാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ – സയൻസ് (2025–26)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ച് ജൈവ വൈവിധ്യ പാർക്ക് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ഇക്കോ ക്ലബ്ബ് ശാസ്ത്രാധ്യാപകർ | |
| 2 | ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങൾ ശാസ്ത്രക്ലാസ്സിൽ ചെയ്യുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലാസ്സ് | സയൻസ് ക്ലബ്ബ് ഇക്കോ ക്ലബ്ബ് ശാസ്ത്രാധ്യാപകർ | STDD, BRC |
| 3 | പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | അധ്യാപകൻ-കുട്ടി<br>കുട്ടി-കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | |
| 4 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | STDD |
| 5 | ആയുർരേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | STDD |
| 6 | വൈജ്ഞാനിക ബഹിർസഫുരണം അന്വേഷണതൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | STDD, BRC |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 7 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ശാസ്ത്രപഠനത്തിൽ പ്രയോജനപ്പെടുത്തുന്നു. | ആനുകാലിക വിവരങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ശാസ്ത്രതത്വങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ, ലൈബ്രറിയിൽ നിന്ന് ശേഖരിച്ച് വായിക്കുന്നു. പാഠഭാഗവുമായ് ബന്ധപ്പെട്ട കൂടുതൽ അറിവുകൾ വീഡിയോ പ്രദർശനം വഴി ക്ഷണിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | STDD, BRC |
| 8 | ശാത്രലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായ് ബന്ധപ്പെട്ട ഉകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ 1 മാസം | ശാസ്ത്രാധ്യാപകർ | STDD, BRC |
| 9 | അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾതല ബയോളജി ക്വിസ് + മോഡൽ പ്രദർശനം | സെപ്റ്റംബർ പകുതി | സയൻസ് ക്ലബ്ബ് | STDD |
| 10 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക, പ്ലാസ്റ്റിക് രഹിത മാലിന്യ വിമുക്ത ക്യാമ്പസ് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ | പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലത്തെയും അവ പ്രകൃതിക്ക് ഉണ്ടാക്കുന്ന ആഘാതത്തെക്കുറിച്ചും കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്ന രീതിയിലുള്ള ക്ലാസ്സുകൾ, പോസ്റ്ററുകൾ സ്ഥാപിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 11 | പരിസ്ഥിതി പഠനാനുഭവം | ഫീൽഡ് ട്രിപ്പ്, പഠനയാത്രകൾ മുതലായവ | ഓഗസ്റ്റ് - സെപ്റ്റംബർ | ഇക്കോക്ലബ്ബ് ജൈവ വൈവിധ്യക്ലബ്ബ് | STDD |
| 12 | പാഠഭാഗം പുനരാവർത്തനം | പിയർ ലേണിങ് ഗ്രൂപ്പ് റിവിഷൻ ക്ലാസ്സുകൾ | ജനുവരി - ഫെബ്രുവരി | ബയോളജി വിഭാഗം | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഹൈസ്കൂൾ–മലയാളം (2025–26)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | ജൂൺ മുതൽ ആഗസ്റ്റ് വരെ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനോത്സവം സംഘടിപ്പിക്കൽ<br>3. പത്രവായന<br>4. പുസ്തക ചർച്ച<br>5. വായനാനുഭവം പങ്കുവെയ്ക്കൽ<br>6. വായനക്കുറിപ്പ്<br>7. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>8. ദിനാചരണം<br>9. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>10. ആസ്വാദ്യകരമായ വായന | 5 മാസം | ക്ലാസ്സ് ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | അധ്യാപകർ |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തകചർച്ച<br>3. വായനക്കുറിപ്പ് തയ്യാറാക്കൽ<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക തയ്യാറാക്കൽ<br>6. പതിപ്പ് തയ്യാറാക്കൽ<br>7. വ്യക്തിഗത രചന<br>8. സംഘരചന | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ | അധ്യാപകർ |
| 4 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>3. ഒറ്റയ്ക്കും സംഘമായും സദസ്സിനെ അഭിമുഖീകരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു.<br>4. കവിത, പ്രസംഗം മുതലായവയുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു.<br>5. കവിത ചൊല്ലാനും പ്രസംഗം പറയാനുള്ള വേദികൾ സജ്ജമാക്കുന്നു. | 6 മാസം<br>(ജൂലൈ - ഡിസംബർ) | ഓഡിയോ<br>വീഡിയോ | ട്രെയിനർ<br>അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – യു.പി. വിഭാഗം–മലയാളം (2025–26)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|---|
| 1 | ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ് നടത്തുന്നു.<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം (ചിഹ്നം) ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥ എഴുതൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | മലയാളം അധ്യാപകർ | |
| 2 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്തുവാനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം) അവതരിപ്പിക്കുന്നു.<br>ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|---|
| 3 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു. | വാർത്താലോകത്തിലേക്ക്<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷ ഉണർത്തുകയും ഉച്ചാരണശുദ്ധ വളർത്തുകയും ചെയ്യുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ രേഖപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും<br>പ്രതിമാസം | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | |
| 4 | പഠിതാക്കളിലെ സർഗാത്മക ശേഷി വളർത്തുന്നു. | മുഴുവൻ കുട്ടികളുടെയും സർഗ്ഗാത്മക ശേഷികൾ ഉൾക്കൊള്ളിച്ച് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം, ഐ.ടി. അധ്യാപകർ | |
| 5 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്ക്കാരം:<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നാടകം, മൂകാഭിനയം തുടങ്ങിയവ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.<br>നാടൻ കലകൾ, ചിത്രകല തുടങ്ങിയ പരിപോഷിപ്പിക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ –ഗണിതം (2025–26)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കളിലും ഉറപ്പ് വരുത്തുന്നു. | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക്. സാധനങ്ങളുടെ വില നൽകി ആകെ തുക കണ്ടെത്തുന്നു. സങ്കലനക്രിയ ശിഷ്ടം വരുന്നതും അല്ലാതെയുമുള്ള സംഖ്യകൾ ചെയ്ത് പരിശോധിക്കുന്നു. വ്യവകലന ക്രിയകൾ, ഗുണനക്രിയകൾ തുടങ്ങിയവ പഠിക്കുന്നതിന് വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ ആദ്യ രണ്ടാഴ്ച | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | ഗണിത മത്സര വേദിയിലേക്ക്, മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ കുട്ടികളെ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. ഗണിത ക്വിസ്, ജ്യോമട്രിക് ചാർട്ട്, ഗണിതചാർട്ട്, കുസൃതി ക്കണക്കുകൾ, പസിലുകൾ | മാസത്തിൽ ഒന്ന് തുടർപ്രവർത്തനം | അധ്യാപകർ ക്ലബ്ബ് സെക്രട്ടറി | |
| 3 | ഐസിടി സാധ്യതയിലൂടെയുള്ള ഗണിത പഠനം | സമഗ്ര റിസോഴ്സ്, ജിയോജിബ്ര തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഗണിത പഠനം | മാസത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | |
| 4 | ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കൽ | ചാർട്ട് പേപ്പർ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കുകയും അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തി അതിലൂടെ ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം പാഠഭാഗവുമായി ബന്ധപ്പെടുത്തി. | അധ്യാപകർ കുട്ടികൾ | |
| 5 | സംഘബോധം ഉണ്ടാക്കൽ | ഓരോ ക്ലാസിലേയും കുട്ടികളെ ഗ്രൂപ്പ് തിരിച്ച് വിവിധ ഗണിത പ്രവർത്തനങ്ങൾ നൽകുന്നതിലൂടെ കുട്ടികളിൽ സംഘബോധം വളർത്തുന്നു. | തുടർപ്രവർത്തം | അധ്യാപകർ സംഘത്തലവൻ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ –സോഷ്യൽ സയൻസ് (2025–26)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക, ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തീയതികളിൽ (അക്കാദമിക വർഷം) | സാമൂഹ്യശാസ്ത്ര അധ്യാപകർ | ഡിപ്പാർട്ട്മെന്റ് |
| 2 | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, ഭരണഘടനാ പതിപ്പ് തയ്യാറാക്കൽ, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3 | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു.<br>അറ്റ്ലസ് നിർമ്മാണം | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, ചരിത്ര സിനിമ പ്രദർശനം. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5 | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | വിവിധ മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# Academic Master Plan - English 2025-26

| | Aim | Activities | Time | Responsibility | Finance |
|---|---|---|---|---|---|
| 1 | Students are able to confidently communicate in english | 1. English Library Innovation<br>2. Introducing a new word in Assembly<br>3. Conduct pre test and make the list | June<br>Weekly<br>June | Teacher<br>English Teacher | |
| 2 | Students become capable of reading in English | 1. Vocabulary Games<br>2. English Day Celebration<br>3. English Newspaper Reading<br>4. Reading competition | July<br>August<br>September<br>September | Teacher<br>English Club<br>English Club<br>English Club | |
| 3 | Students are able to recite and write poems | 1. Chance to listen poetry<br>2. Recitation competitions | October<br>October | English Teacher<br>English Club | |
| 4 | Students are able to write different discource | 3. Book Reviews<br>4. Dairy writing | November<br>November | English Club<br>Teacher | |

| | Aim | | Activities | Time | Responsibility | Finance |
|---|---|---|---|---|---|---|
| | | 5. | Newspaper Reading | December | English Club | |
| | | 6. | Quiz - English | December | | |
| | | 7. | Making the English club active by encouraging sstudents to participate in various competitions. | Monthly | | |
| 5 | Technology for English language development | 1. | Chance to see English film | January | Teacher | |
| | | 2. | English cartoon exhibition | Janury | English Club | |
| 6 | Develop skills like listening, speaking, writing and reading | 1. | English assembly | January | Teacher | |
| | | 2. | Learning English using Samagra resources | Weekly | Teacher | |
| | | 3. | Learning English using mind map | February | Teacher | |
| | | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി (2025 – 26)

**<u>പൊതുവായ ലക്ഷ്യങ്ങൾ</u>**

- ❖ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും സംസാരിക്കുവാനും വായിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.
- ❖ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ❖ ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം.
- ❖ ഹിന്ദി ഭാഷയോടുള്ള കുട്ടികളുടെ അഭിരുചി വളർത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ സുരീലി ഹിന്ദിയുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്യുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി (2025 – 26)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| 1 | അക്ഷരങ്ങൾ, ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. അക്ഷരമാല അടങ്ങിയ കാർഡ് നല്കുന്നു. | ജൂൺ – ജൂലൈ | ഹിന്ദി അധ്യാപകർ | |
| 2 | ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | കുട്ടികൾക്ക് അക്ഷരങ്ങൾ ഉറക്കെ വായിക്കാൻ അവസരങ്ങൾ നൽകുന്നു. | ഓഗസ്റ്റ് – സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |
| 3 | എണ്ണങ്ങൾ, മാസങ്ങൾ, ദിനങ്ങൾ എന്നിവയുടെ പേരുകൾ പരിചയപ്പെടുത്തുന്നു. | ഓരോ വിദ്യാർത്ഥികളുടേയും പേര്, ക്ലാസ്സ്, സ്കൂളിന്റെ പേര്, ജില്ല, ജനന തീയതി എന്നിവ എഴുതുവാൻ പറയുന്നു. ഓരോ ദിവസവും ഹിന്ദിയിൽ ബോർഡിൽ എഴുതിപ്പിക്കുന്നു | ജൂൺ – ജൂലൈ<br>ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 4 | ഹിന്ദി അനായാസം വായിക്കുവാനും എഴുതുവാനും പരിശീലിപ്പിക്കുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 5 | ചെറിയ വാക്യങ്ങൾ നിർമ്മിക്കാൻ പ്രാപ്തരാക്കുന്നു. | സ്വയം പരിചയപ്പെടുത്തുക, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഓരോ വാക്യങ്ങൾ നിർമ്മിക്കുവാൻ ഉള്ള പ്രവർത്തനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| 6 | ചെറിയ വാക്യങ്ങൾ നിർമ്മിക്കാൻ പ്രാപ്തരാക്കുന്നു. | സ്വയം പരിചയപ്പെടുത്തുക, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഓരോ വാക്യങ്ങൾ നിർമ്മിക്കുവാൻ ഉള്ള പ്രവർത്തനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 7 | ആശയങ്ങൾ പ്രകടിപ്പിക്കുവാൻ പ്രാപ്തരാക്കുന്നു. | പോസ്റ്റർ നിർമ്മാണം, പാഠഭാഗത്ത് നിന്ന് ചെറിയ ചോദ്യങ്ങൾ നിർമ്മിക്കുവാനുള്ള പ്രവർത്തനങ്ങൾ നല്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 8 | വിവിധ രചനാരീതികളെ പരിചയപ്പെടുത്തുന്നു. | പാഠഭാഗങ്ങളുടെ രചനാരീതിയുമായി ബന്ധപ്പെട്ട മലയാള ഭാഷയിലെ രചനകൾ കണ്ടെത്തുവാൻ പറയുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി വ്യാകരണം, നാമം, വിശേഷണം, സർവ്വനാമം, വിഭക്തി പ്രത്യയങ്ങൾ, വാക്യഘടന എന്നിവ പരിചയപ്പെടുത്തുന്നു. | നാമങ്ങളും സർവ്വനാമങ്ങളും വിശേഷണങ്ങളും അടങ്ങിയ ചാർട്ടുകൾ പ്രദർശിപ്പിച്ച് അവ കണ്ട്പിടിക്കാൻ പറയുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 10 | കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ പഠിപ്പിക്കുന്നു. | ചെറിയ കവിതകളുടെ ആസ്വാദനക്കുറിപ്പുകൾ പരിചയപ്പെടുത്തി വിവിധയിനം കവിതകളുടെ ആസ്വാദനക്കുറിച്ച് എഴുതിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 11 | കത്ത്, ഡയറി, തിരക്കഥ, പോസ്റ്റർ നിർമ്മാണം, വാക്യപിരമിഡ് തുടങ്ങിയവ പരിശീലിപ്പിക്കുന്നു. | വിവിധയിനം ലേഖന പ്രക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. വർക്ക് ഷീറ്റുകൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| 12 | സമയാധിഷ്ഠിതമായി പാഠഭാഗങ്ങൾ പൂർത്തിയാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നല്കുന്നു. നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായി പരീക്ഷകൾ നടത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 13 | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പഠനപിന്തുണ നൽകുന്നു. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരീക്ഷ എഴുതാൻ കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – കലാവിദ്യാഭ്യാസം (2025 – 26)

**മേഖല : അക്കാദമിക്**
**ഉപമേഖല : കല (ചിത്രം, സംഗീതം)**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| 1 | ചിത്രകല, സംഗീതകല മുതലായവയുടെ പരിപോഷണം | • പ്രത്യേക മുറി സജ്ജമാക്കി ഉപകരണങ്ങൾ ഒരുക്കൽ<br>• സർഗ്ഗാത്മകത കണ്ടെത്താനുള്ള ശ്രമങ്ങൾ | ജൂൺ – ജൂലൈ | കലാ – അധ്യാപിക<br>മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | കേരള സ്കൂൾ കലോത്സവം പരിപാടികൾക്കായി കുട്ടികളെ തയ്യാറാക്കൽ | • പ്രത്യേകം സമയം കണ്ടെത്തി പരിശീലനങ്ങൾ | രണ്ടുമാസം | മ്യൂസിക് അധ്യാപിക | |
| 3 | കർണാട സംഗീതത്തിലെ സപ്തസ്വരങ്ങളെ പരിചയപ്പെടുത്തി പരിശീലിപ്പിക്കൽ | • ക്ലാസ്സ് മുറികളിൽ പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | മ്യൂസിക് അധ്യാപിക | |
| 4 | പ്രാർത്ഥന, ദേശീയഗാനം എന്നിവയ്ക്കായി കുട്ടികളെ പരിശീലിപ്പിക്കുന്നു. | • പാടുവാൻ പ്രാവീണ്യം ഉള്ള കുട്ടികളെ ഗ്രൂപ്പായി തിരിച്ച് പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | മ്യൂസിക് അധ്യാപിക | |
| 5 | സംഗീത ഉപകരണങ്ങൾ, സംഗീത ഗ്രന്ഥങ്ങൾ, ശ്രുതി ഉപകരണം എന്നിവയുടെ പരിശീലനം പരിചയപ്പെടുത്തലും | • താല്പര്യമുള്ള എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | മ്യൂസിക് അധ്യാപിക | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| 6 | ചിത്രരചന, പ്രവൃത്തി പരിചയമേള യ്ക്കുള്ള പരിശീലനം | • അഭിരുചിയുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | മ്യൂസിക് അധ്യാപിക, പ്രവൃത്തി പരിചയ മേള യ്ക്കുള്ള ഗൈഡ്, മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ | |
| 7 | സർഗ്ഗോത്സവത്തിനുള്ള പരിശീലനം | • തിരഞ്ഞെടുത്ത വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു. | നവംബർ<br>ഡിസംബർ<br>ജനുവരി | മ്യൂസിക് അധ്യാപിക | |
| | | | | | |

# Academic Master Plan- Physical Education (2025-26)

**ആരോഗ്യകായിക വിദ്യാഭ്യാസം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാരീരികക്ഷമതയും മാനസികാരോഗ്യവും വളർത്തുക. | അടിസ്ഥാനപരമായ വ്യായാമങ്ങൾ (warm-up and cooldown) exercises, സ്ട്രെച്ചിങ്ങ്, പേശികളെ ബലപ്പെടുത്തുന്ന ലഘുവായ വ്യായാമങ്ങൾ | ജൂൺ - ജൂലൈ | കായിക അധ്യാപകൻ | |
| 2 | കേരള സ്കൂൾ കായികമേള സബ് ജില്ലാ ഗെയിംസ് | • കുട്ടികളുടെ വയസിനെ ആസ്പദമാക്കി ഓരോ കാറ്റഗറി തിരിച്ച് പരിശീലിപ്പിക്കുക.<br>• ചിട്ടയായ പരിശീലനങ്ങൾ നൽകുന്നു.<br>• ടീം ഗെയിമുകൾ പരിശീലിപ്പിക്കുന്നു. | ജൂലൈ<br>-<br>ജനുവരി | കായികാധ്യാപകൻ | |
| 3 | കേരള സ്കൂൾ കായികമേള | • സ്കൂൾ കായികമേള, വിവിധ കായികമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക. | ഓഗസ്റ്റ് - ജനുവരി | | |
| 4 | കുട്ടികളിലെ ആരോഗ്യശീലങ്ങൾ വളർത്തുന്നതിനുള്ള ലക്ഷ്യങ്ങൾ നിർണയിക്കാൻ പ്രേരിപ്പിക്കുന്നു. | യോഗ, ആരോഗ്യ ബോധവൽക്കരണം, പരിസര ശുചിത്വം, വ്യക്തിശുചിത്വം എന്നിവയെ പറ്റി അവബോധം വളർത്തുക. | ജൂൺ - മാർച്ച് | Class teachers and കായികാധ്യാപകൻ | |
| 5 | സ്കൂൾ കായികമേള ഗെയിംസ്, പ്രഥമശുശ്രൂഷയെ കുട്ടികളിൽ അവബോധവാന്മാർ ആക്കുക. | കുട്ടികളിലെ കായിക പ്രതിഭകളെ സ്കൂൾ തലത്തിൽ മികവ് തെളിയിക്കാനും അവർക്ക് പ്രോത്സാഹനങ്ങൾക്കും വേണ്ടി നടത്തുന്നു. | നവംബർ | കായിക അധ്യാപകൻ മറ്റ് ടീച്ചർമാരുടെ പിന്തുണയോടെ. | |
| 6 | കളിക്കളം കായികമേളയുടെ ഒരുക്കങ്ങൾ | മികച്ച കായിക പ്രതിഭകളെ കളിക്കളം കായികമേളയിൽ പങ്കെടുപ്പിക്കുക. മികച്ച വിജയം കൈവരിക്കാൻ പരിശീലിപ്പിക്കുക. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി | കായിക അധ്യാപകൻ | |

# Activity Calender (2025-26)
## മലയാളം
### പ്രവർത്തന കലണ്ടർ

| മാസം | ദിനങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ - 19 | വായനദിനം | ക്വിസ്, പ്രതിജ്ഞ, സംഘവായന, പദ പ്രശ്നം<br>ഉത്തരാധുനിക-കവിത-പരിചയം<br>കഥാരചന, പോസ്റ്റർ രചന |
| ജൂലൈ - 5 | ബഷീർ ദിനം | കൃതി പരിചയം<br>കഥാപാത്ര പരിചയം<br>കഥാപാത്രം - ചിത്രരചന |
| ഫെബ്രുവരി-21 | മാതൃഭാഷാദിനം | പദകേളി<br>സമൂഹവായന<br>പഴഞ്ചൊൽക്കേളി<br>മാതൃഭാഷ - കവിതാലാപനം<br>കടങ്കഥ - നിർമ്മാണം |

# हिंदी - कलेंडर

| | महीना | कार्यक्रम - दिन | गतिविधियाँ |
|---|---|---|---|
| | जुलाई ३१ | प्रेमचंद दिवस | प्रश्नोत्तरी कहानी परिचय |
| | सितंबर १४ | हिंदी पखवाडा १४ से २८ तक | वाचन प्रतियोगिता<br>पोस्टर निर्माण<br>मशहूर साहित्यकारों का परिचय |
| | जनवरी १० | विश्व हिंदी दिवस | वाचन प्रतियोगिता<br>पोस्टर निर्माण<br>लेखन प्रतियोगिता |
| | | | |

# ACTIVITY CALENDER - ENGLISH

| MONTH | DAY | ACTIVITIES |
|---|---|---|
| June 19 | Reading Day | Quiz, Pledge<br>Reading, Vocabulary Games<br>Recitation, Poster Making |
| April 23 | World English Day,<br>Shakespeare Day | Book Reviews<br>Reading Competition |
| April 11 | Chaucer Day | English Recitation Competition |
| July 31 | J.K. Rowling - Birthday | Presenting Harry Potter and familiarising works of J.K. Rowling |
| September 26 | TS Eliot-Birthday | Poetry Writing Competition |
| December 16 | Jane Austin | English Quiz |
| December 30 | Rudyard Kipling | Presenting Jungle Book and familiarising works of Rudyard Kipling |

## പ്രവർത്തന കലണ്ടർ – ഗണിതം

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| സെപ്തംബർ | ഗണിതശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം നടത്തുന്നു. |
| നവംബർ | ഡിസംബർ 22 – ദേശീയ ഗണിതശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട് ഗണിതശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നു. |
| ജനുവരി | റുബിക്സ് ക്യൂബ് സോൾവിങ് മത്സരം സംഘടിപ്പിക്കുന്നു. |
| | |

## പ്രവർത്തന കലണ്ടർ

## സയൻസ് ദിനാചരണങ്ങൾ

| മാസം, തീയതി | പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ 5 | പരിസ്ഥിതി ദിനം | വൃക്ഷത്തൈ നടീൽ, ക്വിസ്, പോസ്റ്റർ രചന മത്സരം<br>പരിസ്ഥിതി സന്ദേശം നൽകൽ |
| ജൂൺ 19 | ഹീമോഫീലിയ ദിനം | ബോധവൽക്കരണ ക്ലബ്ബ്, വീഡിയോ പ്രദർശനം, മെഡിക്കൽ ക്യാമ്പ്<br>പ്രത്യേക അസംബ്ലി |
| ജൂലൈ 20 | ചാന്ദ്രദിനം | ക്വിസ്, പോസ്റ്റർ രചന മത്സരം |
| സെപ്റ്റംബർ 16 | ലോക ഓസോൺ ദിനം | ബോധവൽക്കരണ ക്ലാസ്സ്, ക്വിസ്, പോസ്റ്റർ രചന |
| നവംബർ 10 | ലോക ശാസ്ത്രദിനം | ശാസ്ത്രജ്ഞരെക്കുറിച്ചുള്ള ലഘുവിവരണം, കണ്ടുപിടിത്തങ്ങൾ |
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം | എയ്ഡ്സ്ദിന സന്ദേശം, ബോധവൽക്കരണ ക്ലാസ്സ് |
| ഫെബ്രുവരി 4 | ലോക ക്യാൻസർ ദിനം | ബോധവൽക്കരണ ക്ലാസ്സ് |
| ഫെബ്രുവരി 28 | ഇന്ത്യൻ ശാസ്ത്രദിനം | ക്വിസ്, കുട്ടികളുടെ മികവ് പ്രവർത്തനം |

## സോഷ്യൽ സയൻസ്
## ദിനാചരണ പ്രവർത്തനങ്ങൾ

| മാസം, തീയതി | പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ 12 | ബാലവേലവിരുദ്ധ ദിനം | സന്ദേശം - SS teacher<br>പോസ്റ്റർ രചനാമത്സരം |
| ജൂലൈ 11 | ലോക ജനസംഖ്യാദിനം | ജനസംഖ്യ - ഗുണങ്ങൾ - ദോഷങ്ങൾ - സംവാദം<br>ജനസംഖ്യാ ക്വിസ് |
| ആഗസ്റ്റ് 6 | ഹിരോഷിമാദിനം | സഡോക്കോ - ഡോക്യുമെന്ററി പ്രദർശനം |
| ആഗസ്റ്റ് 9 | ക്വിറ്റ് ഇന്ത്യാ ദിനം<br>നാഗസാക്കി ദിനം | യുദ്ധം മാനവരാശിക്ക് വിപത്ത് - സെമിനാർ |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം | സ്വാതന്ത്ര്യദിന ക്വിസ്, മുദ്രാവാക്യം |
| സെപ്റ്റംബർ 16 | ഓസോൺ ദിനം | സെമിനാർ, പോസ്റ്റർ |
| ഒക്ടോബർ 2 | ഗാന്ധിജയന്തി | പ്രസംഗമത്സരം, ക്വിസ് മത്സരം, പോസ്റ്റർ രചന |
| ഒക്ടോബർ 24 | ഐക്യരാഷ്ട്രദിനം | ഐക്യരാഷ്ട്രസഭ - സെമിനാർ |
| നവംബർ 1 | കേരള പിറവി | ക്വിസ് മത്സരം, Timeline |
| നവംബർ 14<br>നവംബർ 26 | ശിശുദിനം<br>ഭരണഘടനാദിനം | തൊപ്പിനിർമ്മാണം, ക്വിസ്, പ്രസംഗമത്സരം<br>ഭരണഘടനാചരിത്രം, സെമിനാർ, ക്വിസ് |
| ഡിസംബർ 10 | മനുഷ്യാവകാശദിനം | പോസ്റ്റർ, ക്വിസ് |
| ജനുവരി 26 | റിപബ്ലിക് ദിനം | റിപബ്ലിക് ദിന ക്വിസ്, ഭരണഘടനാ ധർമ്മങ്ങൾ പ്രതിഫലിപ്പിക്കുന്ന റിപബ്ലിക് ദിന റാലിയ്ക്കുള്ള പ്ലക്കാർഡുകൾ തയ്യാറാക്കൽ |
| ഫെബ്രുവരി 2 | ലോക തണ്ണീർത്തടദിനം | തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത - ക്ലാസ്സ് |

## സംഗീതം
## പ്രവർത്തന കലണ്ടർ

| മാസം, തീയതി | ദിനങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം | • പരിസ്ഥിതി ദിന ഗാനം<br>• ഫ്ളാഷ് മോബ് |
| ജൂൺ 21 | അന്താരാഷ്ട്ര സംഗീത ദിനം | • സംഗീത ദിന സന്ദേശം ക്ലാസ്സിലൂടെ<br>• സംഗീത ദിന ചാർട്ട്<br>• ഗാനാലാപനം |
| ജൂലൈ 1 | വനമഹോത്സവദിനം | • ഗാനാലാപനം |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം | • സ്വാതന്ത്ര്യദിനഗാനം<br>• സ്വാതന്ത്ര്യദിനപോസ്റ്റർ |
| ഒക്ടോബർ 2 | ഗാന്ധിജയന്തി | • സംഘഗാനം, പോസ്റ്റർ |
| നവംബർ 1 | കേരളപ്പിറവി ദിനം | • കേരളപ്പിറവിദിന ഗാനാലാപനം, പോസ്റ്റർ |
| നവംബർ 14 | ശിശുദിനം | • ശിശുദിന ഗാനം, പോസ്റ്റർ, ശിശുദിന റാലി |
| ജനുവരി 26 | റിപ്പബ്ലിക് ദിനം | • സന്ദേശ ഗാനാലാപനം, പോസ്റ്റർ |
| | | |

## *Physical Education*
## Activity Calendar

| Month | Days | Activities |
|---|---|---|
| August 15 | Independence Day | • Freedom Run → Outdoor 2 km<br>*non participants and teachers freedom walk around the ground<br>• Tug of war → Class wise UP and HS<br>• Relay Race → Tricolor ribbon (insted of Batton) |
| August 29 | National Sports Day | • Sports Quiz → Focused on famous Indian athlets<br>→ Sports personalities<br>• Inter class games competition → Carrom competition<br>UP V/s UP - HS V/s HS |
| October 13 | Kerala Sports Day | • Sports day → Inter class games<br>* Volleyball<br>* Cricket<br>UP→ Seperate<br>HS→ Seperate |
| January 26 | Republic Day | • Republic day→ Rally<br>→ Group relay competition<br>→ Tug of war<br>→ Obstacle Race<br>→ Fit India pledge<br>→ Sports Quize<br>Refreshments → Biscut, Lime Juice, DJ Songs and dance |








# Model Residential School
# Munnar

New Colony, Munnar P.O., Idukki District - 685 612